ഗ്രീൻഫീൽഡ് എയർപോർട്ട് പദ്ധതി ഉപേക്ഷിക്കണമെന്നും നിയമങ്ങൾ ലംഘിച്ച് നികത്തിയ ആറന്മുളയിലെ നീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കണമെന്നും

ഡോ. വി.എസ്. വിജയൻ

# ആറന്മുള വിമാനത്താവളം: പരിസ്ഥിതി നശിപ്പിച്ചവർ ശിക്ഷിക്കപ്പെടണം

**പാരിസ്ഥിതികമായി** വലിയ പ്രാധാന്യമുള്ള നെൽപ്പാടങ്ങളും നീർത്തടങ്ങളുമാണ് ആറന്മുള വിമാനത്താവളത്തിന്റെ നിർമ്മാണത്തിനായി നികത്തപ്പെടുന്നത്. സർക്കാർ വ്യവസായമേഖലയായി പ്രഖ്യാപിച്ച് കെജിഎസ് ഗ്രൂപ്പിന് കൈമാറിയ 500 ഏക്കർ ഭൂമിയിൽ 400 ഏക്കറും നെൽപ്പാടങ്ങളാണ്. നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന ഇവയുടെ പരിവർത്തനം ഒരിക്കലും അനുവദിക്കാൻ പാടില്ല. 150 ഏക്കർ ഭൂമി അനുവാദമൊന്നും വാങ്ങാതെ അവർ ഇപ്പോൾ നികത്തിയിട്ടുണ്ട്. വ്യവസായ മേഖലയായി പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞാൽ നെൽവയൽ നീർത്തട നിയമം ബാധകമല്ലെന്നും അതുകൊണ്ട് വയൽ നികത്തിയതിൽ പ്രശ്നമില്ലെന്നുമാണ് കെ.ജിഎസ് കമ്പനി വാദിക്കുന്നത്. വ്യവസായമേഖലയായി പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞാൽ നെൽവയൽ നികത്തുന്നതിൽ തടസ്സമില്ല എന്ന് ആ നിയമത്തിൽ പറയുന്നുണ്ടെങ്കിൽ തീർച്ചയായും അത് ചോദ്യംചെയ്യപ്പെടണം. ഏകാധിപത്യ സ്വഭാവമുള്ള നിമയമായി അത് നിലനിൽക്കാൻ പാടില്ല. പഞ്ചായത്തിന്റെയും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെയും പ്രാദേശിക സമൂഹത്തിന്റെയും അനുമതി തേടാതെ നെൽവയലുകൾ നികത്താൻ നിയമപരമായ അധികാരം നൽകുക എന്നത് ഗുരുതരമായ പ്രശ്നമാണ്. നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനുള്ള ചരിത്രപ്രാധാന്യമുള്ള നെൽവയൽ നീർത്തടസംരക്ഷണ നിയമം കാര്യക്ഷമമായി നടപ്പിലാക്കപ്പെടേണ്ടത് കേരളത്തിന്റെ ഭാവിക്ക് അത്യന്താപേക്ഷിതമാണ്. ഒരു പ്രദേശം വ്യവസായമേഖലയായി പ്രഖ്യാപിക്കുന്ന നിയമം സൂക്ഷ്മമായി പരിശോധിച്ച ശേഷം അതിൽ ഇത്തരം ഏകപക്ഷീയ പ്രവണത നിലനിൽക്കുന്നുണ്ടെങ്കിൽ ഞാൻ ശക്തമായി അതിനെ എതിർക്കും.

എല്ലാ പഞ്ചായത്തുകളിലും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. ജൈവവൈവിധ്യത്തെ നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ തടയാൻ അധികാരമുള്ള സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് അത്. അതിന്റെ സുപ്രധാനമായ അധികാരം ഈ രീതിയിൽ കവർന്നെടുക്കുന്നത് നീതികേടാണ്. ആറന്മുളയിലെ നെൽവയൽ നികത്തിയതിനെതിരെ കർഷകർ ഹൈക്കോ

ടതിയെ സമീപിക്കുകയും നികത്തിയ വയലുകൾ പഴയരൂപത്തിലാക്കണമെന്ന് കോടതി വിധിക്കുകയും ചെയ്തിട്ടുണ്ട്. അത് ഇതുവരെയും നടപ്പിലായിട്ടില്ല.

## പരിസ്ഥിതി പ്രശ്നങ്ങൾ

500 ഏക്കർ നികത്തുക എന്നത് ജൈവവൈവിധ്യത്തിന് ഭീമമായ നഷ്ടമുണ്ടാക്കുന്ന പരിപാടിയാണ്. ഈ പ്രദേശത്തുകൂടി ഒഴുകിയിരുന്ന പമ്പയുടെ കൈവഴിയായ കോഴിത്തോട് നികത്തപ്പെട്ടു എന്നതാണ് പ്രധാനപ്രശ്നം. കോഴിത്തോട് നികത്തപ്പെട്ടതോടെ നീർച്ചാലുകൾ അടയുകയും നെൽകൃഷി അസാധ്യമായിത്തീരുകയും ചെയ്തു. നെൽകൃഷിയിൽ നിന്നും കർഷകരെ പിൻവലിപ്പിക്കാനുള്ള കെ.ജി.എസ് ഗ്രൂപ്പിന്റെ തന്ത്രമാണിതിന് പിന്നിലുള്ളത്. കൃഷി ചെയ്യാൻ കഴിയാത്ത സ്ഥലമാണ് എന്ന് വരുത്തിത്തീർത്ത് നെൽവയലുകൾ കർഷകരിൽ നിന്നും ഏറ്റെടുക്കുക എന്നതാണ് അവരുടെ തന്ത്രം. എന്നാൽ കൃഷിയില്ല എന്ന കാരണം പറഞ്ഞ് വയൽ നികത്താൻ ശ്രമിക്കുന്നവർ നീർത്തടത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നില്ല. മഴക്കാലത്ത് പമ്പയിൽ വെള്ളം നിറയുമ്പോൾ ആറന്മുളയിലെ ജനങ്ങളെ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിച്ചിരുന്നത് ഈ നീർത്തടങ്ങളാണ്. വർഷങ്ങളായി ഈ നീർത്തടങ്ങൾ നടത്തുന്ന ഒരു പാരിസ്ഥിതിക കർമ്മമാണത്. അത് തടസ്സപ്പെടുന്നതോടെ മഴക്കാലത്ത് ആറന്മുള വെള്ളത്തിനടിയിലാകും. വെള്ളം പിടിച്ചനിർത്തിയിരുന്ന നീർത്തടങ്ങളുടെ ശോഷണം രൂക്ഷമായ കുടിവെള്ളക്ഷാമത്തിനും കാരണമാകും. ഗ്രീൻഫീൽഡ് എയർപോർട്ട് മുന്നോട്ട് വച്ചിരിക്കുന്ന പദ്ധതിയിൽ ഭൂഗർഭജലം എടുക്കുമെന്ന് അവർ പറയുന്നുണ്ട്. നീർത്തടങ്ങൾ നികത്തപ്പെടുന്നതിനൊപ്പം ഭൂഗർഭജലം കൂടി എടുക്കുന്നതോടെ വരൾച്ച അതിരൂക്ഷമാകുമെന്ന് ഉറപ്പാണ്.

കെ.ജി.എസ് ഗ്രൂപ്പ് നടത്തിയ പരിസ്ഥിതി ആഘാത പഠനത്തിന്റെ റിപ്പോർട്ട് (Environmental Impact Assessment - EIA) ഞാൻ വായിച്ചു. ആ റിപ്പോർട്ട് മുഴുവൻ തെറ്റായ വസ്തുതകളാണുള്ളത്. അവർ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള സസ്യങ്ങളൊന്നും എനിക്കവിടെ കാണാൻ കഴിഞ്ഞില്ല.



വിമാനത്താവളത്തിനായി നികത്തിയ സ്ഥലം മുൻമന്ത്രി മുല്ലക്കര രത്നാകരൻ സന്ദർശിക്കുന്നു

**പരിസ്ഥിതിപ്രശ്നങ്ങൾ ആറന്മുളയിലെ ജനങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. ഞാൻ നിരവധിപേരോട് സംസാരിച്ചിരുന്നു. നെൽപ്പാടങ്ങൾ നികന്നുപോയാൽ കുടിവെള്ള ക്ഷാമമുണ്ടാകുമെന്നും കിണറുകളിലും കുളങ്ങളിലുമെല്ലാം വെള്ളമുള്ളത് മഴക്കാലത്ത് ഈ നീർത്തടങ്ങൾ വെള്ളം പിടിച്ചുവയ്ക്കുന്നതുകൊണ്ടാണെന്നുമുള്ള പരിസ്ഥിതി ബോധം നാട്ടുകാർക്കുണ്ട്. പകരം സ്ഥലം തരാമെന്ന വാഗ്ദാനത്തിലൊന്നും അവർ തൃപ്തരല്ല**

വരണ്ടപ്രദേശത്ത് വളരുന്ന സസ്യങ്ങളാണ് അവിടെയുള്ളതായി EIAയിൽ പറയുന്നത്. വാണിജ്യാടിസ്ഥാനത്തിൽ EIA നടത്തുന്ന മധുരയിലുള്ള ഒരു ഗ്രൂപ്പാണ് പഠനം നടത്തിയിരിക്കുന്നത്. അവർ അവിടെ വന്നിട്ടുണ്ടോ എന്നുപോലും സംശയിക്കേണ്ടുന്ന തരത്തിലുള്ള EIA ആണ് തയ്യാറാക്കിയിരിക്കുന്നത്. ഏൽപ്പിക്കുന്ന ഏജൻസികളുടെ താത്പര്യപ്രകാരം EIA തയ്യാറാക്കുന്നവർ നിരവധിയുണ്ട്. അതിരപ്പിള്ളിയുടെ കാര്യത്തിൽ വാപ്കോസ് ചെയ്തത് അതാണ്. ഒരു തവണ മാത്രമെ സ്ഥലം സന്ദർശിച്ചിരുന്നുള്ളൂ എന്ന് പിന്നീട് വാപ്കോസ് കോടതിയിൽ സമ്മതിച്ചു. അതുതന്നെയാണ് ഇവിടെയും സംഭവിച്ചിരിക്കുന്നത്. വിലപ്പെട്ട ജൈവസമ്പത്തുള്ള സ്ഥലമാണ് ആറന്മുളയിൽ വിമാനത്താവളത്തിനായി നികത്തപ്പെടുന്നത്. സത്യസന്ധമായ ഒരു EIA റിപ്പോർട്ടിന് അത് അംഗീകരിക്കാതിരിക്കാൻ കഴിയില്ല.

## ജനങ്ങളുടെ നിലപാട്

പരിസ്ഥിതിപ്രശ്നങ്ങൾ ആറന്മുളയിലെ ജനങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. ഞാൻ നിരവധിപേരോട് സംസാരിച്ചിരുന്നു. നെൽപ്പാടങ്ങൾ നികന്നുപോയാൽ കുടിവെള്ള ക്ഷാമമുണ്ടാകുമെന്നും കിണറുകളിലും കുളങ്ങളിലുമെല്ലാം വെള്ളമുള്ളത് മഴക്കാലത്ത് ഈ നീർത്തടങ്ങൾ വെള്ളം പിടിച്ചുവയ്ക്കുന്നതുകൊണ്ടാണെന്നുമുള്ള പരിസ്ഥിതി ബോധം നാട്ടുകാർക്കുണ്ട്. പകരം സ്ഥലം തരാമെന്ന വാഗ്ദാനത്തിലൊന്നും അവർ തൃപ്തരല്ല. പശുഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങളുള്ളവരാണ് മിക്കവരും. അതിനെ മേയ്ക്കാനെല്ലാം പറ്റിയ തൃപ്തികരമായ സ്ഥലം പകരം കിട്ടില്ലെന്ന് അവർക്കുറപ്പാണ്. 3000 കുടുംബങ്ങൾ വിമാനത്താവളത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടും. സ്ഥലം വിട്ടുകൊടുക്കില്ല എന്ന ഉറച്ച തീരുമാനത്തിലാണവർ. ഇപ്പോഴുള്ള സ്ഥലം പലരേയും കബളി



പ്പിച്ച് തട്ടിയെടുത്തതാണെന്നാണ് അവർ പറയുന്നത്. കോഴഞ്ചേരിയിലുള്ള കോളേജിന്റെ മാനേജർ എയറോനോട്ടിക്കൽ കോഴ്സ് പഠിപ്പിക്കുന്നതിനായി ചെറിയ എയർസ്ട്രിപ്പ് നിർമ്മിക്കണമെന്നും അതിനായി കുറച്ച് സ്ഥലം വേണമെന്നും ആവശ്യപ്പെട്ടാണ് നാട്ടുകാരെ ആദ്യം സമീപിക്കുന്നത്. ചെറിയ എയർസ്ട്രിപ്പ് എന്നത് പിന്നീട് വലിയ വിമാനത്താവളമായി മാറുമെന്ന് അവർ കരുതിയിരുന്നില്ല.

### വീണ്ടും വിമാനത്താവളമോ?

മധ്യതിരുവിതാംകൂറിന് എയർ പോർട്ട് വേണമെന്ന താത്പര്യം ആ മേഖലയിൽ ശക്തമായി നിലനിൽക്കുന്നുണ്ടെന്നാണ് വിമാനത്താവളത്തെ അനുകൂലിക്കുന്നവർ പറയുന്നത്. മധ്യതിരുവിതാംകൂറിന് വിമാനത്താവളം എന്തിനാണ് എന്നാണ് എനിക്ക് മനസ്സിലാകാത്തത്. ആറന്മുളയിലെ നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് നിന്നും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കും തിരുവനന്തപുരം എയർ പോർട്ടിലേക്കും 96 കിലോമീറ്റർ ആകാശദൂരമാണുള്ളത്. റോഡ് മാർഗ്ഗം ഏകദേശം 120 കിലോമീറ്ററോളം ദൂരം മാത്രമാണ് ആറന്മുളയിൽ നിന്നും ഈ രണ്ട് വിമാനത്താവളങ്ങളിലേക്കുമുള്ളത്. റോഡ്മാർഗ്ഗം മൂന്ന് മണിക്കൂർ കൊണ്ട് പിന്നിടാവുന്ന ദൂരമാണത്. മാത്രമല്ല, ഇപ്പോൾ തന്നെ കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങൾ നഷ്ടത്തിലാണെന്നാണ് അറിയാൻ കഴിഞ്ഞത്. അതിന്റെ കണക്കുകൾ ഞാൻ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുമ്പോൾ ആറന്മുളയിൽ എന്തിനാണ് വീണ്ടും വിമാനത്താവളം എന്ന സംശയമാണുണ്ടാകുന്നത്. ആ ചോദ്യം കേരളത്തിൽ ഉയർന്നുവരേണ്ട ഒന്നാണ്. 600 കിലോമീറ്റർ ദൂരം മാത്രമുള്ള ചെറിയ സംസ്ഥാനത്ത് ഇത്രയധികം വിമാനത്താവളങ്ങൾ ആവശ്യമുണ്ടോ? ശബരിമലയാണ് മറ്റൊരു കാരണമായി പറയുന്നത്. ശബരിമലയിൽ ആളുകളെ എങ്ങനെ കുറയ്ക്കാമെന്നാണ് നമ്മൾ ആലോചിക്കേണ്ടത്. ഇപ്പോൾ തന്നെ താങ്ങാൻ കഴിയാത്തത്ര ആളുകളാണ് ശബരിമലയിൽ എത്തുന്നത്. ഭക്തിയുടെ പേരുപറഞ്ഞാൽ എന്തിനും അനുമതി കിട്ടുന്ന ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. അതിനെ മുതലെടുക്കാനുള്ള തന്ത്രമാണിത്.

ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് വിമാനത്താവളത്തിനെതിരെ നടക്കുന്ന നാട്ടുകാരുടെ സമരത്തിന് ശാസ്ത്രീയ പിൻബലം നൽകാനാണ് ഞാനിപ്പോൾ ശ്രമിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്ക് ഞാൻ റിപ്പോർട്ട് കൈമാറും. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കും. തീരദേശ നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരുന്ന, അതീവ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലത്ത് സ്കൈസിറ്റി പോലെയുള്ള ആഡംബര പദ്ധതിക്ക് ഒന്നും നോക്കാതെ അനുമതി കൊടുത്ത സർക്കാറാണ് ഇവിടെയുള്ളത്. അതുകൊണ്ടുതന്നെ പരിസ്ഥിതി പ്രശ്നങ്ങൾ അവരെ ബോധ്യപ്പെടുത്തുക എന്നത് പ്രയാസമാണ്. എന്നാലും ഉപകാരപ്രദമല്ലാത്ത ഗ്രീൻഫീൽഡ് എയർപോർട്ട് പദ്ധതി ഉപേക്ഷിക്കണമെന്നും നിയമങ്ങൾ ലംഘിച്ച് നികത്തിയ ആറന്മുളയിലെ നീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കണമെന്നും പരിസ്ഥിതി നാശത്തിനുള്ള നഷ്ടപരിഹാരം കെജിഎസ് ഗ്രൂപ്പിൽ നിന്നും ഈടാക്കണമെന്നുമുള്ള ആവശ്യവുമായി ഞാൻ മുന്നോട്ട് പോകും.




## മഴവിൽമേള

വിബ്ജിയോർ ഫിലിം കളക്ടീവിന്റെ ബാനറിൽ തൃശൂരിൽ സംഘടിപ്പിക്കുന്ന മഴവിൽ ചലച്ചിത്രമേളയുടെ ഏഴാം എഡിഷൻ 2012 ഫെബ്രുവരി 22 മുതൽ 26 വരെ തൃശൂർ സംഗീതനാടക അക്കാദമി ക്യാമ്പസിൽ വച്ച് നടക്കുന്നു. ദക്ഷിണേഷ്യ: ജീവനം, ജീവസന്ധാരണം എന്നതാണ് ഈ വർഷത്തെ മേളയുടെ കേന്ദ്രവിഷയം. ഫെബ്രുവരി 22ന് രാവിലെ 10മണിക്ക് പ്രമുഖ പത്രപ്രവർത്തകൻ പി. സായിനാഥ് ശരത്ചന്ദ്രൻ അനുസ്മരണ പ്രഭാഷണം നടത്തും. മല്ലികാ സാരാഭായ് മേള ഉദ്ഘാടനം ചെയ്യും. ആനന്ദ് പട്‌വർധന്റെ ഏറ്റവും പുതിയ ഡോക്യുമെന്ററിയായ 'ജെയ് ഭീം കോമ്രേഡ്' ആണ് ഉദ്ഘാടന ചിത്രം. ഡെലഗേറ്റ് പാസ് 100 രൂപ, വിദ്യാർത്ഥികൾക്ക് 50 രൂപ. ബന്ധങ്ങൾക്ക്: 9809477058


## പുതിയ ഡോക്യുമെന്ററികൾ

**കൂടംകുളം ആണവവിരുദ്ധ സമരത്തെക്കുറിച്ചുള്ള പുതിയ ഡോക്യുമെന്ററികളുടെ കോപ്പികൾ കേരളീയത്തിൽ**

**നെയ്തലിൻ പാടൽ (സംവിധാനം : ശ്രീമിത്ത്)**

**ടൈം ബോംബ് അറ്റ് ഔവ്വർ ഡോർസ്റ്റെപ്പ് (സംവിധാനം : സതീഷ്. കെ)**

**ഫില്ലിംഗ് ദ ബ്ലാങ്ക്സ്**
(ഓട്ടോ ഡ്രൈവറായിരുന്ന ദളിത് യുവതി ചിത്രലേഖയുടെ ദുരനുഭവങ്ങൾ)
സംവിധാനം : ശ്രീമിത്ത്

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ) 33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ. നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ. നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ – ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്

കേരളീയം
കൊക്കാലെ, തൃശൂർ-21.
ഫോൺ : 0487-2421385, 9446576943